5754

തൈയ്ക്കാട്, തിരുവനന്തപുരം-695 014, കേരളം, ഇന്ത്യ.
ഫോൺ : +91-471-2324932, 2324939, 2329932,
വെബ്സൈറ്റ് : www.childwelfare.kerala.gov.in
ഇമെയിൽ : childwelfarekerala@gmail.com

നം. സി.ഡി.എസ്.-2020/കേ.സം.ശി.ക്ഷേ.സ./2020 12/10/2020

ജില്ലാ/~~ഉപജില്ലാ~~ വിദ്യാഭ്യാസ ആഫീസർ

......Thrissur......................

..........................................

സർ/മാഡം,

വിഷയം: കേരള സംസ്ഥാന ശിശുക്ഷേമ സമിതി - ശിശുദിന സ്റ്റാമ്പ്-2020-ന്റെ ചിത്രരചനകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്

ഈ വർഷത്തെ (2020) ശിശുദിന സ്റ്റാമ്പിന് അനുയോജ്യമായ ചിത്രം തെരഞ്ഞെടുക്കുന്നതിന് 9 മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും സംസ്ഥാന ശിശുക്ഷേമ സമിതി ചിത്രരചനകൾ ക്ഷണിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

മഹാമാരിയുടെ ഈ നാളുകളിൽ 'അതിജീവനത്തിന്റെ കേരളപാഠം' എന്ന വിഷയമാണ് ചിത്രരചനാ മത്സരത്തിന് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ അറിയിപ്പിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ശിശുക്ഷേമ സമിതിയിൽ ചിത്രരചനകൾ ലഭിക്കേണ്ട അവസാന തീയതി 2020 ഒക്ടോബർ മാസം 31 ആണ്.

എല്ലാ വിദ്യാലയങ്ങളിലും ഇതു സംബന്ധിച്ച് വിവരങ്ങൾ നൽകണമെന്നും കൊറോണ പശ്ചാത്തലത്തിൽ വിദ്യാലയങ്ങളിലെത്താതെ വീട്ടിലിരിക്കുന്ന വിദ്യാർത്ഥികളെകൊണ്ട് ചിത്രം വരപ്പിച്ച് ആയത് സാക്ഷ്യപ്പെടുത്തി സമിതിയിൽ എത്തിക്കുന്നതിനുള്ള ചുമതല പ്രഥമ അദ്ധ്യാപകർ ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകുവാനും അഭ്യർത്ഥിക്കുന്നു.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

വിശ്വസ്തതയോടെ,

ഡോ. ഷിജൂഖാൻ ജെ. എസ്.
ജനറൽ സെക്രട്ടറി

# ശിശുദിന സ്റ്റാമ്പ് - 2020- മാർഗ്ഗ നിർദ്ദേശങ്ങൾ

'അതിജീവനത്തിന്റെ കേരളപാഠം' എന്ന ആശയത്തെ ആസ്പദമാക്കി നാലു മുതൽ പ്ലസ്ടു വരെ ക്ലാസ്സുകളിൽ (9 മുതൽ17 വയസ്സുവരെ) പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് ചിത്രരചന മത്സരത്തിൽ പങ്കെടുക്കാം.

ചിത്രങ്ങൾക്ക് ജലഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗി ക്കാവുന്നതാണ്. 15x12 സെന്റീമീറ്റർ അനുപാതത്തിലായിരി ക്കണം ചിത്രരചന നടത്തേണ്ടത്.

സ്റ്റാമ്പിന്റെ വലിപ്പമായ 5x4 സെന്റീമീറ്ററിലേക്ക് ചിത്രം ചെറുതാക്കേണ്ടതിനാൽ വിശദാംശങ്ങൾ അസ്പഷ്ടമാകാത്ത വിധമുള്ള പശ്ചാത്തലവും നിറങ്ങളും രചനാ സാമഗ്രികളും കൊണ്ട് ചിത്രരചന നിർവ്വഹിക്കുന്നതായിരിക്കും ഉചിതം.

തിരഞ്ഞെടുക്കപ്പെടുന്ന ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥി ക്ക് പ്രശസ്തിഫലകവും ക്യാഷ്അവാർഡും പഠിക്കുന്ന വിദ്യാലയത്തിന് റോളിംഗ് ട്രോഫിയും നൽകി ശിശുദിനസ്റ്റാമ്പ് പ്രകാശന ചടങ്ങിൽ വച്ച് ആദരിക്കുന്നതായിരിക്കും.

ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥിയുടെ പേര്, ക്ലാസ്സ്, വയസ്സ്, സ്കൂളിന്റേയും വിദ്യാർത്ഥിയുടെ വീടിന്റേയും ഫോൺ നമ്പരോ ടുകൂടിയ മേൽവിലാസം എന്നിവ ചിത്രത്തിന്റെ പിറകു വശത്ത് എഴുതി പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കണം.

ചിത്രരചനകൾ ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ/നേരിട്ടോ 2020 ഒക്ടോബർ 31-ാം തീയതി വരെ എത്തിക്കാവുന്നതാണ്.

കവറിനു പുറത്ത് 'അതിജീവനത്തിന്റെ കേരളപാഠം' എന്ന് എഴുതേണ്ടതാണ്.

ഫ5 – 5754/2020 തീയതി 1/10/20 ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ.

പകർപ്പ് – എല്ലാ സർക്കാർ/എയ്ഡഡ് പ്രധാന അദ്ധ്യാപകരുടേയും അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു. 23/10/20

23/10 23/10/20 ജി.വി.ഒ, തൃശ്ശൂർ